| 16–12–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ, അവിനാശിയായ സർജനിൽ നിന്നും ഒന്നും ഒളിപ്പിക്കരുത്, തെറ്റ് ചെയ്താൽ ക്ഷമ ചോദിക്കണം, അല്ലായെങ്കിൽ ഭാരം കൂടും, നിന്ദകരായി മാറും.**

**ചോദ്യം** – സത്യമായ സമ്പാദ്യത്തിന്റെ ആധാരമെന്താണ്? ഉന്നതിയിൽ എന്തുകൊണ്ട് വിഘ്നം ഉണ്ടാകുന്നു?

**ഉത്തരം** – സത്യമായ സമ്പാദ്യത്തിന്റെ ആധാരം പഠിപ്പാണ്. അഥവാ പഠിപ്പ് ശരിയല്ലായെങ്കിൽ സത്യമായ സമ്പാദ്യം ഉണ്ടാക്കാൻ സാധിക്കില്ല. ഉന്നതിയിൽ വിഘ്നങ്ങളുണ്ടാകുന്നത് കൂട്ടുകെട്ട് ശരിയല്ലാതിരിക്കുമ്പോൾത്തന്നെയാണ്. പറയാറുണ്ടല്ലോ സത്സംഗം ഉയർത്തും കുസംഗം മുക്കിക്കളയും. കൂട്ടുകെട്ട് മോശമായാൽ പഠിക്കില്ല, തോറ്റുപോകും. കൂട്ടുകെട്ട് തന്നെയാണ് പരസ്പരം നശിപ്പിക്കുന്നത്. അതുകൊണ്ട് മോശമായ കൂട്ടുകെട്ടിൽനിന്നും നിങ്ങൾ കുട്ടികൾ വളരെ മുൻകരുതലോടെയിരിക്കണം.

ഗീതം – അങ്ങ് സ്നേഹത്തിന്റെ സാഗരനാണ്..

**ഓം ശാന്തി** – പരിധിയില്ലാത്ത ബാബയുടെ മഹിമ കുട്ടികൾ ചെയ്യുന്നു. ഇതാണ് ഭക്തിമാർഗ്ഗത്തിന്റെ മഹിമ. നിങ്ങൾ സൽപുത്രരായ കുട്ടികൾ ബാബയുടെ സന്മുഖത്തിരുന്ന് ബാബയുടെ മഹിമ ചെയ്യുന്നവരാണ്. നിങ്ങൾ മനസ്സിലാക്കി, പരിധിയില്ലാത്ത ബാബ വന്ന് ഞങ്ങൾക്ക് ജ്ഞാനം തന്ന് സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. കാരണം ജ്ഞാനത്തിന്റെ സാഗരൻ ബാബയാണ്. ഈശ്വരനിലാണ് നോളേജ്. അതിനെയാണ് പറയുന്നത് ഈശ്വരീയജ്ഞാനമെന്ന്. പരംപിതാപരമാത്മാവാണ് ജ്ഞാനം നൽകുന്നത്. ആർക്കാണ് നൽകുന്നത്? കുട്ടികൾക്ക്. എങ്ങിനെയാണോ നിങ്ങളുടെ മമ്മക്ക് വിദ്യാദേവി എന്ന് പേരുവച്ചിട്ടുള്ളത്. ജഗദംബ വിദ്യാദേവിയാണെങ്കിൽ മമ്മയുടെ കുട്ടികളിലും അതേ നോളേജ് ഉണ്ടാകും. വിദ്യാദേവിയായ സരസ്വതിക്ക് ജ്ഞാനം കൊടുക്കുന്നത് ദൈവമാണ്. പക്ഷേ ആരിലൂടെയാണ് കൊടുക്കുന്നത്? ഇത് വളരെ മനസ്സിലാക്കേണ്ട കാര്യമാണ്. ലോകത്തിലുള്ളവർ അറിയുന്നില്ല ജഗദംബ ആരാണെന്ന്. നിങ്ങൾ കുട്ടികൾക്ക് അറിയാം ജഗദംബ ഒന്നേയുള്ളു. പേരുകൾ അനവധി നൽകിയിട്ടുണ്ട്. മനുഷ്യർക്കറിയുന്നില്ല പ്രജാപിതാബ്രഹ്മാവിന്റെ മുഖവംശാവലിയാണ് സരസ്വതി. സരസ്വതിക്കും നോളേജ് കൊടുക്കുന്നത് ഗോഡ് ഫാദറാണ്. സൃഷ്ടിചക്രം എങ്ങിനെയാണ് കറങ്ങുന്നത്, ഈ ജ്ഞാനം ഗോഡ് ഫാദറാണ് കൊടുക്കുന്നത്. ബാബ കുട്ടികൾക്ക് ജ്ഞാനം നൽകുന്നു. സരസ്വതിക്ക് എങ്ങിനെ ലഭിച്ചു. തീർച്ചയായും സരസ്വതിയും പ്രജാപിതാബ്രഹ്മാവിന്റെ മുഖവംശാവലിയാണ്. പരംപിതാപരമാത്മാവാണ് ജ്ഞാനത്തിന്റെ സാഗരൻ, ബാബ ഈ ബ്രഹ്മാവിലൂടെയാണ് സരസ്വതിക്ക് ജ്ഞാനം കൊടുക്കുന്നത്. അതേ ജ്ഞാനം മറ്റുള്ളവർക്കും കൊടുക്കുന്നു. ഗോഡ് ഫാദറാണ് പഠിപ്പിക്കുന്നത് ഗോഡ് ഫാദറിന്റെ കുട്ടികളും മാസ്റ്റർ ഗോഡ് ആണ്. അതുകൊണ്ടാണ് പേരുവന്നത് വിദ്യാദേവി. കുട്ടികൾക്കറിയാം നമ്മളും നമ്മുടെ മമ്മയും നോളേജ് എടുത്തുകൊണ്ടിരിക്കുകയാണ്. ജ്ഞാനസാഗരനിലൂടെ. ബാബയെത്തന്നെയാണ് പറയുന്നത് ഗീതയുടെ ഭഗവാനെന്ന്. ഭഗവാൻ ഒന്നാണ്. ദേവതകളേയോ മനുഷ്യരേയോ ഭഗവാൻ എന്ന് പറയില്ല. വിദ്യാദേവിയിൽ എന്തു നോളേജാണ് ഉള്ളത്? രാജയോഗത്തിന്റെ. ഈ സഹജരാജയോഗത്തിന്റെ ജ്ഞാനത്തിലൂടെ വിദ്യാദേവിയായ സരസ്വതി ശ്രീലക്ഷ്മിയായി മാറുന്നു. വിദ്യാദേവിയുടെ മഹിമ കുട്ടികൾക്കുമുണ്ട്. എല്ലാവരും പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങളാണ്. മമ്മയുടെ സന്താനമെന്ന് പറയില്ല. പ്രജാപിതാ ബ്രഹ്മാവിന്റെ മുഖകമലത്തിലൂടെ ജന്മമെടുത്തവരാണ് സന്താനങ്ങൾ. നിങ്ങളെല്ലാവരും ഈശ്വരീയ സന്താനങ്ങളെന്ന് നിശ്ചയമുള്ളവരാണ്. ഈശ്വരനായ ബാബ പറയുകയാണ് ഞാൻ നിങ്ങളുടെ സന്മുഖത്തുണ്ട്. ആരുടെ സന്മുഖത്താണോ ഇരിക്കുന്നത് അവർ മാത്രമേ എന്നെ അറിയുന്നുള്ളു. ജഗദംബയാണ് വിദ്യാദേവി. ഇത് സഹജരാജയോഗത്തിന്റെ നോളേജാണ്. ശാസ്ത്രത്തിന്റെയല്ല. ഈശ്വരൻ ഇവർക്ക് നോളേജ് കൊടുത്തു അതുകൊണ്ടാണ് ദേവതയെന്ന് പറയുന്നത്. ജഗദംബയും അമ്മയാണ്. പിന്നെ അടുത്ത ജന്മത്തിൽ ധനത്തിന്റെ ദേവിയായ ശ്രീലക്ഷ്മിയായി മാറുന്നു, ആരോടാണോ മനുഷ്യർ ഭിക്ഷ യാചിക്കുന്നത്. ഇതിൽനിന്നും തെളിയിക്കപ്പെട്ട കാര്യമാണ് ബാബയിലൂടെ ജഗദംബക്ക് രാജയോഗത്തിന്റെ സമ്പത്ത് ലഭിക്കുന്നു. മമ്മയെയാണ് വിദ്യാദേവിയെന്ന് പറയുന്നത്. ഈ ജ്ഞാനം സമ്പാദിക്കാനുള്ള മാർഗ്ഗമാണ്. ഇതാണ് സത്യമായ സമ്പാദ്യം ഇത് സത്യമായ ബാബയിലൂടെ മാത്രമേ ലഭിക്കുന്നുള്ളു. നിങ്ങളിപ്പോൾ സംഖ്യാക്രമത്തിൽ പുരുഷാർത്ഥം ചെയ്ത് സമ്പാദിച്ചുകൊണ്ടിരിക്കുന്നവരാണ്. അഥവാ പഠിക്കുന്നില്ലായെങ്കിൽ അവർക്ക് സത്യമായ സമ്പാദ്യം ഉണ്ടാകില്ല. കൂട്ടുകെട്ട് ശരിയല്ലായെങ്കിൽ പഠിക്കാൻ സാധിക്കില്ല, ഉന്നതിയും ഉണ്ടാകില്ല. മോശമായ സംഗം മുക്കിക്കൊല്ലും. സത്സംഗം ഉയർത്തും, പഠിക്കുന്നില്ലായെങ്കിൽ, തോറ്റ് പുറകിലിരിക്കേണ്ടതായിവരും. ടീച്ചർക്കറിയാം ഇതിനു കാരണമെന്തെന്ന്..

ബാബക്കറിയുന്നില്ല. അതെ, ഇത്രയും ബാബ മനസ്സിലാക്കും. പഠിപ്പ് കുറവാണ്, തീർച്ചയായും മോശമായ കൂട്ടുകെട്ടാണ്, ഈ കാരണത്താൽ തോറ്റുപോയി. മനസ്സിലാക്കൂ, പരസ്പരം സ്നേഹമുണ്ട്, രണ്ടുപേരും പഠിക്കുന്നില്ലായെങ്കിൽ പരസ്പരം അധോഗതിയിലാക്കും. ബാബ മനസ്സിലാക്കും ഇവർ പഠിക്കുന്നില്ല, ഇവരെ വേറെയിരുത്തണം. പഠിക്കാത്ത മനുഷ്യരെ പറയും വിവേകശൂന്യരെന്ന്. പഠിക്കുന്നുണ്ടെങ്കിൽ പറയും ബുദ്ധിശാലിയെന്ന്. ഭഗവാന്റെ ശ്രീമതം അനുസരിക്കുന്നില്ലായെങ്കിൽ അവരെ പറയുന്നതാണ് കുപുത്രൻ. പക്ഷേ അതിന്റെ അർത്ഥം അറിയുന്നില്ല. നിങ്ങൾക്കറിയാം – ആര് പഠിക്കുന്നില്ലയോ അവർ പതീതരായി ത്തന്നെ ജീവിക്കുന്നു, തോറ്റ് പിൻതിരിഞ്ഞോടും. ബാബ പറയുന്നു – അല്ലയോ രാവണാ, നീ ഞങ്ങളുടെ കുട്ടിയെ വിഴുങ്ങുന്നല്ലോ. എത്ര ശക്തിശാലിയാണ്. കുട്ടികൾ ചെകുത്താന്റെ വഴിക്കനുസരിച്ച് നടക്കുന്നു. ശ്രീമത്തിലൂടെ നടക്കുന്നില്ല. തന്നോടുതന്നെ പ്രതിജ്ഞ ചെയ്യണം– ചുവടു ചുവട് ബാബയുടെ ശ്രീമത്ത നുസരിച്ച് നടക്കണം. ആര് ശ്രീമത്തനുസരിച്ച് നടക്കുന്നില്ലയോ അവർ ആസുരീയ മതത്തിലൂടെ നടക്കു ന്നവരാണെന്ന് പറയും. ബാബക്കും മനസ്സിലാക്കാൻ സാധിക്കും ഇവർക്ക് ഇത്രയും ഉയർന്ന പദവി ലഭി ക്കില്ല. ആർക്കും മനസ്സിലാക്കിക്കൊടുക്കാനും സാധിക്കില്ല രാവണന്റെ വശത്തിലാണെന്ന്. ബുദ്ധി ശുദ്ധമാക്കുന്നതിനുള്ള യോഗം ചെയ്യുന്നില്ല. ബുദ്ധിയോഗവും ചെയ്യണം. ഈശ്വരീയ കുട്ടികളുടെ പെരു മാറ്റം വളരെ റോയലായിരിക്കണം. ജന്മം കൊണ്ടുതന്നെ ആരും മിടുക്കനായ രാജാവാകുന്നില്ല. ബാബ പറയുകയാണ് 5 വികാരങ്ങളാകുന്ന രാവണന്റെ മേൽ വിജയം പ്രാപിക്കണം, ശ്രീമത്തിലൂടെ. ആര് ശ്രീമ ത്തനുസരിച്ച് നടക്കുന്നില്ലയോ അവരെക്കുറിച്ച് ബാബ പറയും ഇവർ ആസുരീയ മതത്തിലുള്ളവരാണെ ന്ന്. ചിലർ വെറും 5 ശതമാനം ശ്രീമത്തനുസരിച്ച് നടക്കുന്നവരാണ്. ചിലർ 10 ശതമാനം. ഇതിന്റെയും കണക്കുണ്ട്.

ജഗത് അംബ ഒന്നേയുള്ളു. ജഗദംബയാണ് ബ്രഹ്മാമുഖവംശാവലി സരസ്വതി, ഇത് അവരുടെ പൂർണ്ണ നാമമാണ്. സരസ്വതിയുടെ കൈയ്യിൽ തന്നെയാണ് വീണ കാണിച്ചിരിക്കുന്നത്. ഇതാണ് വിദ്യാദേവി, തീർച്ചയായും വിദ്യാദേവിക്കും സന്താനങ്ങളുണ്ട്. അവർക്കും വീണ വേണം. നോക്കൂ, വൃക്ഷത്തിനു താഴെ സരസ്വതി ഇരിക്കുന്നു. രാജയോഗം പഠിക്കുകയാണ്. പിന്നീട് ലക്ഷ്മിയായി മാറും. ധനലക്ഷ്മി. ഇതിൽ സമ്പത്തും, ആരോഗ്യവും സന്തോഷവും എല്ലാമുണ്ട്. ഇത് പരംപിതാപരമാത്മാവിനല്ലാതെ മറ്റാർക്കും നൽകാൻ സാധിക്കില്ല. സ്വർഗ്ഗത്തെ സ്ഥാപിക്കുന്ന പിതാവാണ്. ഇപ്പോൾ നോക്കൂ, മമ്മയും സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. മനസ്സിലാക്കൂ, എവിടെയെങ്കിലും മമ്മയെ ക്ഷണിച്ചാൽ ആദ്യം മമ്മയുടെ കർത്തവ്യം അറിയണം. ആദ്യം നോളേജ് ഉണ്ടായിരിക്കണം ഇവരാരാണ്? ലോകത്തിലുള്ളവർ അറിയു ന്നില്ല. പറയാറുണ്ട് കൃഷ്ണനെ ആക്ഷേപിച്ചു. പക്ഷേ അത് അസാധ്യമാണ്. ഏറ്റവും കൂടുതൽ ആക്ഷേപം ലഭിക്കുന്നത് ശിവബാബക്കാണ്. രണ്ടാമത് ലഭിക്കുന്നത് ബ്രഹ്മാവിനാണ്. കൃഷ്ണനും ബ്രഹ്മാവും. പക്ഷേ കൃഷ്ണന് ഒരിക്കലും ഗ്ലാനി കിട്ടുന്നില്ല. മനുഷ്യർ അറിയുന്നില്ല വിദ്യാദേവിയായ സരസ്വതി ഭാവിയിൽ രാധയായി മാറും. സ്വയംവരത്തിനുശേഷം ലക്ഷ്മിയായി മാറും, ധനലക്ഷ്മി. അതിൽ സമ്പത്ത്, ആരോ ഗ്യം, സന്തോഷം എല്ലാമുണ്ട്. നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ വളരെ ലഹരി വേണം – മമ്മ ആരാണ് ഇത് മനസ്സിലാക്കിക്കൊടുക്കണം. ഇതാണ് സരസ്വതി, ബ്രഹ്മാവിന്റെ പുത്രി മുഖവംശാവലി. ഭാരതവാസി കൾ ഒന്നും അറിയുന്നില്ല. ജ്ഞാനമേ ഇല്ല. അന്ധവിശ്വാസം കൂടുതലാണ്. ആരെയാണ് പൂജിക്കുന്നത്, ഇതും അറിയുന്നില്ല. ക്രിസ്ത്യാനികൾ ക്രിസ്തുവിനെ അറിയുന്നുണ്ട്. സിക്കുകാർക്കറിയാം ഗുരു നാനാ ക്കാണ് സിക്കുധർമ്മം സ്ഥാപന ചെയ്തതെന്ന്. തന്റെ ധർമ്മസ്ഥാപകരെ അറിയുന്നുണ്ട്. എന്നാൽ ഭാരത വാസികൾ ഹിന്ദുക്കൾ അറിയുന്നില്ല. അന്ധവിശ്വാസത്തോടെ പൂജ ചെയ്തുകൊണ്ടിരിക്കുന്നു, കർത്ത വ്യവും അറിയുന്നില്ല. കൽപ്പത്തിന്റെ ആയുസ്സ് കൂട്ടിയതോടെ ഒന്നും മനസ്സിലാക്കുന്നില്ല. ഇസ്ലാംധർമ്മം, ബുദ്ധധർമ്മം ഇവരെല്ലാം പിന്നീടാണ് വരുന്നത്. അവരുടെ മുന്നിൽ തീർച്ചയായും ദേവതകളുടെ കാലമാ യിരുന്നു. നിങ്ങൾ ജഗദംബയുടെ ക്ഷേത്രത്തിൽ പോയി മനസ്സിലാക്കിക്കൊടുക്കണം ഈ വിദ്യാദേവിക്ക് ഈ വിദ്യ ആരാണ് കൊടുത്തത്. അവർക്ക് ഇങ്ങനെ പറയാൻ കഴിയില്ല കൃഷ്ണനാണ് ജഗദംബക്ക് ജ്ഞാനം കൊടുത്തതെന്ന്. ആർക്ക് പ്രാക്ടീസ് ഉണ്ടോ മനസ്സിലാക്കിക്കൊടുക്കാൻ അവർക്കേ സാധി ക്കുള്ളു . ചിലർക്ക് ദേഹാഭിമാനം കൂടുതലാണ്. ചിലർക്ക് മിത്രസംബന്ധികളെ ഓർമ്മ വരുന്നു. ബാബ പറയുന്നു മറ്റുള്ളവരെ ഓർമ്മിക്കുകയാണെങ്കിൽ എന്റെ ഓർമ്മ മറന്നുപോകുന്നു. നിങ്ങൾ പാടാറില്ലേ മറ്റെല്ലാ സംഗവും വിട്ട് ഒരു സംഗവുമായി ചേരൂ, ആ ഒന്ന് ഇപ്പോൾ ഇവിടെയുണ്ട്, ബാബാ ഞങ്ങൾ അങ്ങയുടേതാണ്, അങ്ങയുടെ മതമനുസരിച്ച് നടക്കും. ഒരിക്കലും ഇങ്ങനെയൊരു കർമ്മം ചെയ്യരുത് ബാബയുടെ പേര് ചീത്തയാകുന്നതരത്തിൽ. വളരെയധികം കുട്ടികളും ഇങ്ങനെയുള്ള പ്രവർത്തി ചെയ്യുന്നു, ഇതിലൂടെ ബാബയുടെ പേര് ചീത്തയാകുന്നു. ഏതുവരേക്ക് മനസ്സിലാക്കുന്നില്ലയോ അതുവരേക്കും ആക്ഷേപിച്ചുകൊണ്ടേയിരിക്കും. അങ്ങയുടെ ലീല അപരം അപാരം. കുട്ടികൾക്കു മനസ്സിലാക്കാൻ സാധിച്ചു ചിലർ അറിയുന്നില്ല. ബാബ പറയുന്നു – കുട്ടികളെ ഞാനാണ് നിഷ്കാമസേവ ചെയ്യുന്നത്.

അപകാരികൾക്കും ഉപകാരം ചെയ്യുന്നു. ഭാരതത്തെ സ്വർണ്ണപക്ഷിയാക്കി മാറ്റുന്നു. നമ്പർ 1 ഉപകാരം ഞാനാണ് ചെയ്യുന്നത്. എന്നിട്ടും മനുഷ്യരെന്നെ സർവ്വവ്യാപിയെന്ന് പറഞ്ഞ് വളരെയധികം ആക്ഷേപിക്കുന്നു. ഞാനാണ് നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം നൽകുന്നത്. ഈ ജ്ഞാനയജ്ഞത്തിൽ ആസുരീയസമ്പ്രദായത്തിലുള്ളവരുടെ വിഘ്നങ്ങൾ ഒരുപാടുണ്ടാകും. ബാബ മനസ്സിലാക്കിത്തരികയാണ് ഏത് കുട്ടികൾ നല്ലരീതിയിൽ മനസ്സിലാക്കുന്നില്ലയോ അവർ കാരണം തന്നെയാണ് പ്രശ്നങ്ങളുണ്ടാകുന്നത്. നിന്ദ ചെയ്യിപ്പിക്കുന്നു. ചില കുട്ടികൾ വളരെ നന്നായി സേവനം ചെയ്യുന്നു, ചിലർ ഡീസർവ്വീസും ചെയ്യുന്നു. ഒരു ഭാഗത്ത് ചിലർ നിർമ്മിക്കുമ്പോൾ ഒരു ഭാഗത്ത് നശിപ്പിക്കുകയും ചെയ്യുന്നു. കാരണം ജ്ഞാനമില്ല. ഇവിടെ സൂര്യവംശത്തിന്റേയും ചന്ദ്രവംശത്തിന്റേയും സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. ആരു പൂർണ്ണമായും മനസ്സിലാക്കുന്നില്ലയോ അവർക്ക് മനസ്സിലാക്കിക്കൊടുക്കണം. ദയ തോന്നുന്നില്ലേ? ബാബയുടേതായി മാറിയിട്ടും സമ്പത്തെടുക്കുന്നില്ലായെങ്കിൽ പിന്നെ എന്ത് പ്രയോജനം. ബാബയെ ലഭിച്ചു പൂർണ്ണമായും പുരുഷാർത്ഥം ചെയ്ത് സമ്പത്തെടുക്കണം. ശ്രീമത്തനുസരിച്ച് നടക്കണം. ബാബയെ നിന്ദിക്കുന്ന തരത്തിലുള്ള കർത്തവ്യങ്ങളൊന്നും ചെയ്യരുത്. ബാബ പറയുകയാണ് കാമം, ക്രോധം, ഇവ വളരെ വലിയ മഹാശത്രുവാണ്. ഇത് മൂക്കിലും ചെവിയിലും പിടിച്ചുകൊണ്ടേയിരിക്കും. അതിൽനിന്നും ഉപരിയാകണം. ചിലർ നാമരൂപത്തിൽ കുരുങ്ങുന്നു എല്ലാ കുട്ടികളും ഒരുപോലെയായിരിക്കില്ല. ബാബ എന്നിട്ടും മുൻകൂട്ടി പറയുകയാണ് കരുതലോടെയിരിക്കൂ. അകർത്തവ്യങ്ങൾ ചെയ്ത് നിന്ദിക്കുകയാണെങ്കിൽ പദവിയിൽനിന്നും ഭ്രഷ്ടരാകും. ബലവാനോട് മായയും ബലമായി യുദ്ധം ചെയ്യും. ബാബയെ ഓർമ്മിച്ചോർമ്മിച്ച് പിന്നീട് മായ കൊടുങ്കാറ്റടിപ്പിച്ച് എവിടേക്കെങ്കിലും കൊണ്ടുപോകും. ചില കുട്ടികൾ സത്യം പറയാറില്ല. ഉപദേശവും എടുക്കാറില്ല. അവിനാശിയായ സർജ്ജനിൽനിന്നും ഒന്നും ഒളിപ്പിച്ചുവക്കരുത്. അഥവാ പറയുന്നില്ലായെങ്കിൽ ഇനിയും മോശമാകും. ഇങ്ങനെയല്ല, എല്ലാം ബാബ അറിയുന്നുണ്ടല്ലോ, മനസ്സിലാക്കുന്നുണ്ടല്ലോ. നിങ്ങൾ എന്ത് തെറ്റ് ചെയ്താലും അത് വന്ന് ബാബയോട് പറയണം – ബാബാ, എന്നിൽനിന്നും ഈ തെറ്റ് സംഭവിച്ചു, ക്ഷമ ചോദിക്കുന്നു. ക്ഷമ ചോദിക്കുന്നില്ലായെങ്കിൽ തെറ്റുകൾ സംഭവിച്ചുകൊണ്ടേയിരിക്കും. തന്റെ തലയിൽ പാപം വർദ്ധിച്ചുകൊണ്ടേയിരിക്കും. ബാബ മനസ്സിലാക്കിത്തരികയാണ് കൽപകൽപാന്തരത്തിലേക്ക് ആ അവസ്ഥയായിപ്പോകും. അഥവാ ഇപ്പോൾ ഉയർന്ന പദവി ഉണ്ടാക്കുന്നില്ലായെങ്കിൽ കൽപകൽപാന്തരത്തേക്ക് പദവി ഭ്രഷ്ടമാകും. അഥവാ ഇപ്പോൾ ഉയർന്ന പദവി നേടുന്നില്ലായെങ്കിൽ കൽപ–കല്പാന്തരത്തേക്ക് ആ അവസ്ഥയായിപ്പോകും. ഇത് ജ്ഞാനമാണ്. ബാബക്കറിയാം കഴിഞ്ഞ കൽപ്പത്തെപ്പോലെ രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. ബാപ്ദാദക്ക് കൂടുതൽ മനസ്സിലാക്കാൻ സാധിക്കും. ഇദ്ദേഹം പിന്നെ വിശേഷപ്പെട്ട പുത്രനാണ്. മാതാക്കളുടെ മഹിമ കൂട്ടണം, മാതാക്കളെ മുന്നിൽ വെക്കണം. പാണ്ഡവർക്ക് മനസ്സിലാക്കിക്കൊടുക്കണം മാതാക്കളെ മുന്നിൽ വെക്കൂ. പാണ്ഡവർക്കും വളരെ കൂടുതൽ സേവനം ചെയ്യാൻ സാധിക്കും. ചിത്രം എടുത്ത് മനസ്സിലാക്കിക്കൊടുക്കൂ – ഉയർന്നതിലും ഉയർന്നത് ഭഗവാനാണ് – പിന്നീടാണ് ത്രിമൂർത്തി ബ്രഹ്മാ വിഷ്ണു ശങ്കർ. അവരിലും ഉയർന്നത് ആരാണ്, ആരുടെ പേരായിരിക്കും? എല്ലാവരും പറയും പ്രജാപിതാ ബ്രഹ്മാ, ഇതിലൂടെയാണ് സമ്പത്ത് ലഭിക്കുന്നത്. ശങ്കരനേയോ വിഷ്ണുവിനേയോ പിതാവെന്ന് പറയില്ല. അവരിൽനിന്നും ഒരിക്കലും സമ്പത്ത് കിട്ടുന്നില്ല. പ്രജാപിതാബ്രഹ്മാവെന്ന് ആരെയാണ് പറയുന്നത്, എന്താണ് സമ്പത്ത് ലഭിക്കുന്നത്? ബ്രഹ്മാവും ശിവബാബയുടെ കുട്ടിയാണ്. ശിവബാബ ജ്ഞാനത്തിന്റെ സാഗരനാണ്, സ്വർഗ്ഗം സ്ഥാപിക്കുന്നു. തീർച്ചയായും സ്വർഗ്ഗത്തിനുവേണ്ടി പഠിപ്പ് ലഭിക്കുകയാണ്. ഇത് രാജയോഗത്തിനുള്ള ശ്രീമത്താണ്. ബ്രഹ്മാവിലൂടെയാണ് ബാബ ശ്രീമത്ത് നൽകുന്നത്. ഇത് ദേവതയായി മാറുന്നതിനുവേണ്ടിയുള്ളതാണ് . ബ്രഹ്മാകുമാരി തന്നെ ശ്രീലക്ഷ്മി, ധനത്തിന്റെ ദേവത. ബ്രാഹ്മണരാണ് ദേവീദേവതകളായി മാറുന്നത്. നിരാകാരി ലോകത്തിൽ എല്ലാവരും ആത്മാക്കളാണ്. കുട്ടികൾക്ക് വളരെ മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്, പക്ഷേ മനസ്സിലാക്കുന്നവർ വളരെ വിരളം. മനുഷ്യർ അന്ധവിശ്വാസത്തോടെ സന്യാസിമാരുടേയും ഗുരുക്കന്മാരുടേയും അനുയായികളായി മാറുന്നു. അവരിൽനിന്നും എന്താണ് ലഭിക്കുന്നത്, അതുപോലും അറിയുന്നില്ല. ടീച്ചറുടെ അടുക്കൽ ഒരു വിദ്യാർത്ഥി പഠിക്കുമ്പോൾ ആ വിദ്യാർത്ഥിക്കറിയാം ഞാനെന്തു പദവി നേടും. എന്നാൽ അനുയായികളായി മാറുമ്പോൾ അവരിൽനിന്നും എന്താണ് പ്രാപ്തി കിട്ടുന്നത് അതറിയുന്നില്ല. ഇതാണ് അന്ധവിശ്വാസം. അവർക്ക് ആരെയും ആക്കാൻ കഴിയില്ല, ആർക്കും അവരെപ്പോലെയാകാനും സാധിക്കില്ല . ലക്ഷ്യം എന്താണ് അത് പോലും അറിയുന്നില്ല. ശരി,

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ

കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. സംഗദോഷത്തിൽനിന്നും സദാ സുരക്ഷിതരായിരിക്കണം. സത്യമായ പഠിപ്പ് പഠിച്ച് സത്യമായ സമ്പാദ്യത്തിന്റെ സ്റ്റോക്കുണ്ടാക്കണം.

2. ചുവടു ചുവടിന്മേൽ ബാബയുടെ ശ്രീമത്തനുസരിച്ച് നടക്കണം - ഈ കാര്യം സ്വയത്തിനോട് പ്രതിജ്ഞ ചെയ്യണം.

**വരദാനം:- സർവ്വ പരാതികളുടെയും ഫയലുകളെ സമാപ്തമാക്കി ഫൈനായി (ഭംഗിയുള്ളവരായി) മാറുന്ന കർമ്മയോഗികളായി ഭവിക്കട്ടെ.**

ആത്മാവും ശരീരവും ഒന്നിച്ചിരിക്കുമ്പോൾ ജീവിതമുണ്ട് എന്നത് പോലെ കർമ്മവും യോഗവും ഒന്നിച്ചുണ്ടായിരിക്കണം. രണ്ട്-മൂന്ന് മണിക്കൂർ യോഗം ചെയ്യുന്ന യോഗിയല്ല മറിച്ച് യോഗീജീവിതമായിരിക്കണം. അവരുടെ യോഗം സ്വതവേയും സഹജവുമായിരിക്കും മുറിയുകയേയില്ല, പ്രയത്നം ചെയ്യേണ്ടതായിട്ട്. അവർക്ക് ആരോടും പരാതി പറയേണ്ട ആവശ്യകതയുണ്ടായിരിക്കില്ല. ഓർമ്മയിലിരിക്കുന്നതിലൂടെ എല്ലാ കാര്യവും സഫലമാകും. ഫൈനായി മാറുന്നവരുടെ എല്ലാ ഫയലുകളും സമാപ്തമാകും, എന്തുകൊണ്ടെന്നാൽ യോഗീ ജീവിതം സർവ്വപ്രാപ്തികളുടെയും ജീവിതമാണ്.

**സ്ലോഗൻ:- ഓരോ സമയത്തും ചെയ്യിപ്പിക്കുന്നവനായ ബാബയുടെ ഓർമ്മയുണ്ടായിരിക്കണം എങ്കിൽ നിരന്തരയോഗിയായി മാറും.**